(ഡി) ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയുടെ നിർവ്വഹണ കാലയളവ് 2012 മാർച്ച് 31-വരെ ദീർഘിപ്പിച്ചു ഉത്തരവായിട്ടുണ്ട്.

(ഇ) പാലക്കാട് നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ ഇ.എം.എസ്. ഭവന പദ്ധതിക്കായി ആകെ 2,23,14,125 രൂപ വകയിരുത്തുകയും 18,189,375 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഇ.എം.എസ്.ഭവന പദ്ധതി

164 (1634) ശ്രീ. സി. എം. ദിനേശ് മണി: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പള്ളുരുത്തി നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലും നഗരസഭകളിലുമായി ഇ. എം. എസ്. ഭവനപദ്ധതി പ്രകാരം എത്ര വീടുകൾ അനുവദിച്ചു എന്നതിന്റെ പഞ്ചായത്ത് നഗരസഭ തിരിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

പള്ളുരുത്തി നിയോജകമണ്ഡലത്തിലെ ഇ.എം.എസ്-ഭവന പദ്ധതി പ്രകാരം അനുവദിച്ച വീടുകളെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	പൂർത്തീകരിച്ച വീടുകൾ
മരട്	620	79
ചെല്ലാനം	1473	5
കുമ്പളി	213	20
കുമ്പളം	660	20
ആകെ	2966	124

നഗരസഭയെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ഇ.എം.എസ് ഭവന പദ്ധതി പ്രകാരം വീടുനിർമ്മാണത്തിന് നൽകുന്ന തുക വർദ്ധിപ്പിക്കാൻ നടപടി

165 (1635) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ്. ഭവന പദ്ധതിയിൽ ഇതിനകം പൂർത്തീകരിച്ച വീടുകളുടെ എണ്ണം എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; ലക്ഷ്യമിട്ടിരുന്നതിന്റെ പകുതി വീടുകൾ പോലും പൂർത്തിയാക്കാൻ കഴിഞ്ഞില്ലെന്ന വിവരം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെട്ടിടനിർമ്മാണച്ചെലവ് കുതിച്ചുയരുന്ന സാഹചര്യത്തിൽ വീടുനിർമ്മാണത്തിന് സർക്കാർ നൽകുന്ന തുക വളരെ പരിമിതമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; ഇപ്പോൾ നൽകുന്നതെത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതിയുമായി ബന്ധപ്പെട്ട് ഇതിനകം എത്ര ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിച്ചു എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ)

ജില്ല	ഗ്രാമപഞ്ചായത്ത്	നഗരസഭ
തിരുവനന്തപുരം	14415	293
കൊല്ലം	5680	147
പത്തനംതിട്ട	1804	12
ആലപ്പുഴ	3739	109
കോട്ടയം	2797	54
ഇടുക്കി	4140	20
എറണാകുളം	4091	247
പാലക്കാട്	3138	11
തൃശ്ശൂർ	5869	241
മലപ്പുറം	1030	26
കോഴിക്കോട്	2086	10
വയനാട്	2725	23
കണ്ണൂർ	3314	127
കാസർഗോഡ്	1194	53

സർക്കാർ ലക്ഷ്യമിട്ടിരുന്ന വീടുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുമതി നൽകികഴിഞ്ഞിട്ടുണ്ട്. നിർമ്മാണം വിവിധഘട്ടങ്ങളിലാണ്.

LIBRARY ARCHIVES Kerala Legislative Assembly